TB Weekly Movie Review

**#moviepanel**

അന്താക്ഷരി

Written By: Arjun Anand

സമ്മിശ്ര പ്രതികരണം നേടിയ മുദ്ദുഗൗ എന്ന തന്റെ ആദ്യ ചിത്രത്തിന് ശേഷം വിപിൻ ദാസ് തിരക്കഥ എഴുതി സംവിധാനം ചെയ്ത ഏറ്റവും പുതിയ ചിത്രം ആണ് അന്താക്ഷരി... സോണി ലൈവിലൂടെ ആണ് ചിത്രം റിലീസ് ആയിരിക്കുന്നത്..

കേരളത്തിൽ എവിടെയോ നടക്കുന്ന ഒരു ഒറ്റപ്പെട്ടതും നടുക്കുന്നതുമായ ഒരു സംഭവത്തിലൂടെ ആരംഭിക്കുന്ന ചിത്രം പൊടുന്നനെ വർഷങ്ങൾ പിന്നിലേക്ക് സഞ്ചരിച്ചു വീണ്ടും വർത്തമാന കാലത്തിലെത്തി മെല്ലെ ദാസിലേക്ക് എത്തിച്ചേരുന്നു..അധികം വികസനം ഒന്നും എത്തിപ്പെട്ടിട്ടില്ലാത്ത കേദാരം എന്ന ഗ്രാമത്തിലെ പോലീസ് സ്റ്റേഷനിലെ സർക്കിൾ ഇൻസ്പെക്ടർ ആണ് ദാസ്... ദാസ് പ്രതികളെ കൈകാര്യം ചെയ്യുന്ന രീതി ഒക്കെ ഒരല്പം വിചിത്രം ആണ്... അന്താക്ഷരി കളിക്കുന്നത് ദാസിന് ഒരുപാട് ഇഷ്ടമാണ്, അതൊരു ദൗർബല്യവുമാണ്...സ്റ്റേഷനിൽ എത്തുന്ന പരാതിക്കാരെയും പ്രതികളെയുമെല്ലാം അന്താക്ഷരി കളിക്കാൻ നിർബന്ധിതരാക്കാറുണ്ട് ദാസ്... അങ്ങനെ ഇരിക്കെ ഒരു സൈക്കോ പരമ്പര കൊലയാളിയുടെ പാതയിലേക്ക് അവിചാരിതമായി ദാസ് എത്തിപ്പെടുന്നു..ദാസിന്റെ അന്തക്ഷരിയോടുള്ള താല്പര്യം മുതലെടുത്തു അദൃശ്യനായ കൊലയാളി ദാസിനെ പല തവണ ഫോണിൽ ബന്ധപ്പെടുകയും ഭീഷണിപ്പെടുത്തുകയും അന്താക്ഷരി കളിക്കാൻ നിർബന്ധിതനാക്കുകയും ചെയ്യുന്നു ..ദാസും പ്രൊബേഷനറി എസ് ഐ ആയി പ്രവേശിച്ച ശ്രീനിവാസും ചേർന്ന് കൊലയാളിയെ കണ്ടുപിടിക്കാൻ തീരുമാനിക്കുന്നു.. തുടർന്ന് ദാസും ശ്രീനിവാസനും കൊലയാളിയും തമ്മിലുള്ള ഒരു ക്യാറ്റ് ആൻഡ് മൗസ് ഗെയിമിനാണ് നമ്മൾ സാക്ഷ്യം വഹിക്കുന്നത്....

പതിവ് ത്രില്ലർ സിനിമകളുടെ ഒരു ഘടന പിന്തുടരുന്നുണ്ടെങ്കിലും പശ്ചാത്തലത്തിലും പാത്ര സൃഷ്ടിയിലും വ്യത്യസ്ത പുലർത്തുവാനുള്ള ശ്രമം പ്രശംസനീയമാണ്...വളരെ എളുപ്പത്തിൽ മാനസികമായി കീഴ്പ്പെടുത്താവുന്ന പ്രകൃതക്കാരനായ പോലീസ് ഉദ്യോഗസ്ഥനും കണ്ടു പരിചയിച്ചതിൽ നിന്നും വിഭിന്നമായി അല്പം ഗ്രാമ്യമായ, സാധാരണ ഭാഷ സംസാരിക്കുന്ന സൈക്കോ വില്ലനും പരസ്പരം ബന്ധം ഇല്ലെന്നു തോന്നിപ്പിക്കുന്ന രംഗങ്ങളും തുടക്കത്തിൽ ഒരല്പം ബുദ്ധിമുട്ട് തോന്നിപ്പിക്കുമെങ്കിലും മെല്ലെ പ്രേക്ഷകർ ചിത്രവുമായി താദാത്മ്യം പ്രാപിക്കും...

ദാസിനെ അവതരിപ്പിക്കാൻ അനുയോജ്യൻ ആണ് എന്ന് ഉറപ്പിക്കും വിധം വിശ്വനീയമായിരുന്നു സൈജു കുറുപ്പിന്റെ പ്രകടനം... അയാളുടെ മാനസിക സംഘർഷങ്ങളും അല്പം ദുർബലമായ മനസിന് ഉടമയായ ഒരുവന്റെ ശരീര ചലനങ്ങളും സൈജു കുറിപ്പിൽ ഭദ്രമായിരുന്നു... ദാസിന്റെ ഭാര്യ ചിത്രയേ അവതരിപ്പിച്ചിരിക്കുന്നത് പ്രിയങ്ക ആണ്...വില്ലത്തരം നിറഞ്ഞ, ദുസ്സാമർത്ഥ്യക്കാരനായ പോലീസുകാരനായി കോട്ടയം രമേശും അതിഗംഭീരമാക്കി... സുധി കോപ്പ മിടുക്കനും സമർഥനും സത്യസന്ധനുമായ എസ് ഐ യുടെ കഥാപാത്രം മനോഹരമായി ചെയ്തു..ബിനുപപ്പു,വിജയ് ബാബു, ശബരീഷ് വർമ,ബോബൻ സാമുവേൽ തുടങ്ങിയവർ ആണ് മറ്റു അഭിനേതാക്കൾ ...ഛായാഗ്രഹണം ബബ്ലൂ അജു ആണ് നിർവഹിച്ചിരിക്കുന്നത്...

പൂർണമായും ഒ ടി ടി ക്കായി സൃഷ്ടിക്കപ്പെട്ടത് എന്ന പ്രതീതി ഉളവാക്കുന്ന അന്താക്ഷരി വ്യത്യസ്തം ആവുന്നത് അതിന്റെ രചനയിലാണ്...ചിത്രത്തിൽ പലയിടത്തായി ചിത്തറിക്കിടന്നിരുന്ന പല രംഗങ്ങളും കഥാന്ത്യത്തിൽ ബന്ധപ്പെടുത്തുമ്പോഴും ചിലത് വ്യക്തമാക്കാതെ ആണ് ചിത്രം അവസാനിക്കുന്നത്....ത്രില്ലർ പ്രേമികൾക്ക് തീർച്ചയായും കണ്ടിരിക്കാവുന്ന ഒരു ചിത്രം ആണ് അന്താക്ഷരി... സോണി ലൈവിലൂടെ പ്രദർശിപ്പിക്കപ്പെടുന്ന പുതിയ മലയാള ചിത്രങ്ങൾ സാമാന്യം നല്ല നിലവാരം പുലർത്തുന്നവയാണ്... അന്താക്ഷരിയും അതിൽ നിന്നും വിഭിന്നമല്ല...